HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

**Code No. 9050**

Reg.

Nam

**Second Year – March 2018**

Time : 2 Hours
Cool-off time : 15 Minutes

Part – III

## ACCOUNTANCY WITH COMPUTERIZED ACCOUNTING

Maximum : 60 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

## Part – A

## ACCOUNTING

(Maximum Scores : 40)

**I. Answer all questions from 1 to 3, each carries 1 score.** **(Scores : 3 × 1 = 3)**

1. Complete the series :

   (a) Receipts and Payments Account → Cash in Hand and Cash at Bank

   (b) Income and Expenditure Account → ____?____.

2. On admission of a partner, the Debit Balance of Profit and Loss Account shown in the Balance Sheet of the firm, denotes :

   (a) Accumulated Profit

   (b) Accumulated Loss ✓

   (c) Revaluation Loss

   (d) General Reserve

3. On death of a partner, his legal representatives were settled by paying ₹ 1,20,000. As per his Capital Account, the amount due to him after all adjustments was ₹ 1,05,000. Ascertain the deceased partner's share of goodwill from the firm.

   (Hint : Case of hidden goodwill)

**II. Answer any 2 questions from 4 to 6, each carries '2' scores.** **(Scores : 2 × 2 = 4)**

4. List out any four items to be credited to a Partner's Current Account, when capitals are fixed.

5. Mention two situations in which 'Compulsory Dissolution' of a partnership business takes place.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

## Part – A

## ACCOUNTING

**(Maximum Scores : 40)**

**I. 1 മുതൽ 3 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക, 1 സ്കോർ വീതം.**

**(സ്കോർസ് : 3 × 1 = 3)**

1. പരമ്പര പൂർത്തിയാക്കുക :
   (a) പണം സ്വീകരിക്കൽ-നല്കൽ കണക്ക് → നീക്കിയിരിപ്പ് പണം & ബാങ്ക് ബാലൻസ്
   (b) വരവ്-ചെലവ് കണക്ക് → ____?____.

2. പുതിയ പങ്കാളിയുടെ പ്രവേശന സമയത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള ലാഭ-നഷ്ട കണക്കിന്റെ ഡെബിറ്റ് ബാലൻസ് എന്തിനെയാണ് സൂചിപ്പിക്കുന്നത് :
   (a) വീതിക്കാത്ത ലാഭം
   (b) വീതിക്കാത്ത നഷ്ടം
   (c) പുനർമൂല്യനിർണ്ണയ നഷ്ടം
   (d) ജനറൽ റിസർവ്വ്

3. ഒരു പങ്കാളിയുടെ മരണശേഷം, അയാളുടെ അനന്തര അവകാശികൾക്ക്, ബിസിനസ്സിൽ നിന്നും 1,20,000 രൂപ നല്കി കണക്ക് തീർപ്പാക്കുന്നു. എല്ലാ ക്രമീകരണങ്ങൾക്കും ശേഷമുള്ള അയാളുടെ മൂലധന അക്കൗണ്ടിന്റെ ക്രെഡിറ്റ് ബാലൻസ് 1,05,000 രൂപ-യായിരുന്നു. മരണപ്പെട്ട പങ്കാളിയുടെ ഗുഡ്‌വിൽ ഓഹരി എത്രയെന്ന് തിട്ടപ്പെടുത്തുക.
   (സൂചന: ഒളിഞ്ഞിരിക്കുന്ന സൽപേര് മൂല്യം)

**II. 4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ നിന്നും ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക, 2 സ്കോർ വീതം.**

**(സ്കോർസ് : 2 × 2 = 4)**

4. സ്ഥിര മൂലധന അക്കൗണ്ട് രീതിയിൽ, ഒരു പങ്കാളിയുടെ കറന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട നാല് ഇനങ്ങൾ പട്ടികപ്പെടുത്തുക.

5. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ നിർബന്ധിത അടച്ചുപൂട്ടലിന് വഴിതെളിക്കുന്ന രണ്ട് സാഹചര്യങ്ങൾ എഴുതുക.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

6. Pass Journal Entries on dissolution of a firm, in connection with realisation of assets, in the following cases :

   (a) Furniture worth ₹ 12,000 taken over by Mr. Roy, one of the partners, at the book value.

   (b) Unrecorded machinery sold out for ₹ 4,000.

**III. Answer any 5 questions from 7 to 12, each carries 3 scores. (Scores : 5 × 3 = 15)**

7. During the year 2016-17, there was 1800 members in a sports club. The yearly subscription was fixed at ₹ 40 per member. There was unearned subscription of ₹ 2,000 at the beginning of the year. The unearned subscription at the end of the year was ₹ 1,200.

   Show how the amount of subscription appears in the following financial statements of the club :

   (a) Income and Expenditure Account.

   (b) Receipts and Payments Account.

8. Anu and Beena are partners in a firm sharing profits in 3 : 2 ratio. They admitted Bindu as a new partner. Anu surrendered 1/3 of her share in favour of Bindu and Beena surrendered 1/4 of her share in favour of Bindu. Calculate the new Profit sharing ratio.

9. Afnas and Sakariya are partners in a firm sharing profits and losses in the ratio of 3 : 2. Ukkash is admitted as a new partner for 1/4 share in profits. He should brings in ₹ 50,000 as capital and his share of goodwill in cash. Firm's goodwill is valued at ₹ 80,000 at the time of his admission.

   Give necessary Journal Entries, on the assumption that 50% of the premium amount is withdrawn by the old partners.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

6. സ്ഥാപനം അടച്ചുപൂട്ടുമ്പോൾ, ആസ്തികൾ വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട്, നല്കിയിരിക്കുന്ന സാഹചര്യങ്ങളിലെ, ജേർണൽ രേഖപ്പെടുത്തലുകൾ നടത്തുക :

(a) റോയി എന്ന പങ്കാളി 12,000 രൂപയുടെ ഫർണിച്ചർ ബുക്ക് വിലയ്ക്ക് ഏറ്റെടുക്കുന്നു.

(b) കണക്കിൽ ഉൾപ്പെടാത്ത മെഷിണറി വിറ്റതിലൂടെ 4,000 രൂപ ലഭിച്ചു.

**III. 7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക, 3 സ്കോർ വീതം.** **(സ്കോർസ് : 5 × 3 = 15)**

7. 2016-17 ൽ ഒരു സ്പോർട്സ് ക്ലബ്ബിൽ 1,800 അംഗങ്ങളുണ്ടായിരുന്നു. ആളോഹരി വാർഷിക വരിസംഖ്യ 40 രൂപയാണ്. വർഷാരംഭ മുൻകൂർ വരിസംഖ്യ 2000 രൂപയും, വർഷാവസാന മുൻകൂർ വരിസംഖ്യ 1,200 രൂപയുമാണ്.

താഴെ പറയുന്ന വാർഷിക ധനകാര്യ രേഖകളിൽ, വരിസംഖ്യയുടെ തുക എങ്ങനെ ഉൾപ്പെടുത്തുമെന്ന് കാണിക്കുക :

(a) വരവ്-ചെലവ് കണക്ക്

(b) പണം സ്വീകരിക്കൽ-നല്കൽ കണക്ക്

8. അനുവും ബീനയും പങ്കാളികളായ ബിസിനസ്സിൽ ലാഭ അനുപാതം 3 : 2 ആണ്. ബിന്ദുവിനെ പുതിയ പങ്കാളിയായി ബിസിനസ്സിൽ ഉൾപ്പെടുത്തുന്നു. അനു തന്റെ ലാഭ വിഹിതത്തിൽ നിന്നും 1/3 ബിന്ദുവിന് വിട്ടു നല്കുന്നു. ബീന തന്റെ ലാഭ വിഹിതത്തിൽ നിന്നും 1/4 ബിന്ദുവിന് വിട്ടു നല്കുന്നു. പുതിയ ലാഭ അനുപാതം നിർണ്ണയിക്കുക.

9. അഫ്നാസും, സക്കറിയയും പങ്കാളികളായ ബിസിനസ്സിൽ ലാഭ-നഷ്ടങ്ങൾ വീതിച്ചിരുന്നത് 3 : 2 അനുപാതത്തിലായിരുന്നു. ഉക്കാഷിനെ, 1/4 ലാഭവിതം നല്കി പുതിയ പങ്കാളിയായി ബിസിനസ്സിൽ ഉൾപ്പെടുത്തുന്നു. അയാൾ 50,000 രൂപ മൂലധനമായും, തന്റെ ഗുഡ്വിൽ ഓഹരി പണമായും കൊണ്ടുവരുന്നു. പ്രവേശന സമയത്ത് സ്ഥാപനത്തിന്റെ ഗുഡ്വിൽ 80,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

പഴയ പങ്കാളികൾ ഗുഡ്വിൽ തുകയുടെ പകുതി പിൻവലിക്കുന്നുവെന്ന അനുമാനത്തിൽ, ആവശ്യമായ ജേർണൽ രേഖപ്പെടുത്തലുകൾ നടത്തുക.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

10. Arun, Hari and Jaya are partners in a firm sharing profits and losses in the ratio of 5 : 3 : 2. Jaya retires from the firm and the continuing partners decided to share future profits in the ratio of 3 : 2 respectively. On her retirement, firm's goodwill valued at ₹ 50,000.

Record necessary journal entries for the treatment of goodwill, without opening the Goodwill Account.

11. Explain the order in which the amounts realised through the sale of assets are to be applied, at the time of dissolution of a partnership firm.

12. Prepare a Realisation Account from the following details, on dissolution of a firm :

**Balance Sheet as on 31-03-2017**

| Liabilities | ₹ | Assets | ₹ |
|---|---|---|---|
| Reserve Fund | 8,000 | Cash in hand | 12,000 |
| Creditors | 22,000 | Stock | 28,000 |
| Capitals : | | Debtors | 10,000 |
| Sudha – 20,000 | | Furniture | 20,000 |
| Bindu – 20,000 | 40,000 | | |
| | **70,000** | | **70,000** |

On the date of the balance sheet, the firm was dissolved and all assets were sold out for ₹ 68,000. Firm incurred ₹ 1,000 as the realisation expenses.

**IV. Answer any two questions from 13 to 15, each carries 5 scores. (Scores : 2 × 5 = 10)**

13. Gireesh and Ramees are equal partners in a firm and their capitals as on 01-04-2016 were ₹ 80,000 and ₹ 60,000 respectively. As per the partnership deed Gireesh is entitled to monthly salary of ₹ 3,000. Ramees gets a commission of 10% on the Net Profits of the business, before charging such commission. They are also eligible for interest on capital @ 8% p.a. Interest on drawings is charged as 6% p.a. Gireesh withdrew ₹ 2,000 at the beginning of every month for his personal purposes. Total drawings of Ramees during 2016-17 was ₹ 20,000.

Prepare the Profit and Loss Appropriation Account, to show the distribution of profits among partners. The net profits of the business for the year ended 31-03-2017 was ₹ 1,24,000 (before adjusting above items).

10. അരുൺ, ഹരി, ജയ എന്നിവർ 5 : 3 : 2 ലാഭ അനുപാതത്തിൽ പങ്കാളികളായ ബിസിനസ്സിൽ നിന്നും ജയ വിരമിക്കാൻ തിരുമാനിക്കുന്നു. ബിസിനസ്സിൽ തുടരുന്ന പങ്കാളികൾ 3 : 2 അനുപാതത്തിൽ ഭാവി ലാഭം വീതിക്കാൻ തീരുമാനിക്കുന്നു. ജയയുടെ വിരമിക്കൽ സമയത്ത് സ്ഥാപനത്തിന്റെ ഗുഡ്‌വിൽ മൂല്യം 50,000 രൂപയായി നിശ്ചയിച്ചു.

ഗുഡ്‌വിൽ അക്കൗണ്ട് കണക്കിൽ കാണിക്കാതെ, ഗുഡ്‌വിൽ തുക ക്രമീകരിക്കാനുള്ള ജേർണൽ രേഖപ്പെടുത്തലുകൾ നടത്തുക.

11. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചുപൂട്ടൽ സമയത്ത്, ആസ്തികൾ വിറ്റ് ലഭിക്കുന്ന തുക വിനിയോഗിക്കേണ്ട ക്രമം ഏതെന്ന് വിശദീകരിക്കുക.

12. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചുപൂട്ടൽ സമയത്ത്, നല്കിയിരിക്കുന്ന വിശദാംശങ്ങൾ പരിഗണിച്ച്, ഒരു റിയലൈസേഷൻ അക്കൗണ്ട് തയ്യാറാക്കുക :

**Balance Sheet as on 31-03-2017**

| Liabilities | ₹ | Assets | ₹ |
|---|---|---|---|
| Reserve Fund | 8,000 | Cash in hand | 12,000 |
| Creditors | 22,000 | Stock | 28,000 |
| Capitals : | | Debtors | 10,000 |
| Sudha – 20,000 | | Furniture | 20,000 |
| Bindu – 20,000 | 40,000 | | |
| | **70,000** | | **70,000** |

ബാലൻസ് ഷീറ്റ് തീയതിയിൽ സ്ഥാപനം അടച്ചുപൂട്ടുന്നു. ആസ്തികൾ വിറ്റ് 68,000 രൂപ ലഭിച്ചു. റിയലൈസേഷൻ ചെലവുകൾക്കായി 1000 രൂപ സ്ഥാപനത്തിൽ നിന്നും നല്കി.

**IV. 13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക, 5 സ്കോർ വീതം.** **(സ്കോർസ് : 2 × 5 = 10)**

13. ഗിരീഷും, റമീസും തുല്യ പങ്കാളികളായ ബിസിനസ്സിൽ 01-04-2016 നുള്ള മൂലധനം യഥാക്രമം 80,000 രൂപയും, 60,000 രൂപയുമാണ്. പങ്കാളിത്ത കരാർ പ്രകാരം, ഗിരീഷിന് മാസംതോറും 3,000 രൂപ ശമ്പളവും, റമീസിന് കമ്മീഷനായി പ്രസ്തുത തുക കുറയ്ക്കുന്നതിനുമുമ്പുള്ള അറ്റ ലാഭത്തിന്റെ 10% ത്തിനും അർഹതയുണ്ട്. മൂലധന പലിശ പ്രതിവർഷം 8% വും, തൻചെലവ് പലിശ പ്രതിവർഷം 6% വുമാണ്. ഗിരീഷ് 2,000 രൂപ വീതം എല്ലാ മാസാദ്യവും സ്വകാര്യ ആവശ്യങ്ങൾക്കായി ബിസിനസ്സിൽനിന്നും പിൻവലിച്ചിരുന്നു. റമീസ് 2016-17 ൽ സ്വകാര്യ ആവശ്യങ്ങൾക്ക് പിൻവലിച്ച തുക 20,000 രൂപയാണ്.

ലാഭ-നഷ്ടങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അക്കൗണ്ട് തയ്യാറാക്കുക. 31-03-2017 ൽ അവസാനിക്കുന്ന വർഷത്തെ ബിസിനസ്സിന്റെ അറ്റലാഭം 1,24,000 രൂപയാണ്. (മേൽ പറഞ്ഞ ഇനങ്ങൾ ക്രമീകരിക്കുന്നതിന് മുമ്പ്)

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

14. Shammu and Viswan are partners sharing profits in the ratio of 2 : 1. Radha is admitted into the firm for 1/4 share of profits. The new partner brings in ₹ 40,000 in respect of his capital. The capitals of old partners after all adjustments were ₹ 90,000 and ₹ 30,000 respectively. It is agreed that partners' capitals should be according to the new profit sharing ratio.

Determine the new capitals of old partners. Also record necessary journal entries to adjust the capital accounts in cash terms.

15. X, Y and Z were partners in a business sharing profits and losses in the ratio of 3 : 2 : 1. 'X' died on October 1, 2016. It was agreed between his executors and the remaining partners that :

(a) Goodwill to be valued at 2 years purchase of the average profits of previous '5' years.

(Average profit of past 5 years is worked out as ₹ 30,000)

(b) Machinery be depreciated by ₹ 12,000 and Buildings be appreciated by ₹ 24,000.

(c) Profits for the year 2016-17 be taken as having accrued at the same rate as that of the previous year.

(The profits of 2015-16 was ₹ 36,000)

(d) Interest on capital @ 12% p.a. (X's capital account has a credit balance of ₹ 60,000 as on 01-04-2016)

(e) Accumulated profits or losses are to be shared among partners. (Balance Sheet of the firm as on 31-03-2016 shows a credit balance of ₹ 24,000 in the Profit and Loss Account)

Workout the amount payable to X's legal representatives and show them in X's Capital Account.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

14. ഷമ്മുവും, വിശ്വനും, 2 : 1 അനുപാതത്തിൽ ലാഭം വീതിയ്ക്കുന്ന ബിസിനസ്സിൽ രാധയെ പുതിയ പങ്കാളിയായി, 1/4 ലാഭ വിഹിതം നല്കി നിയമിക്കുന്നു. പുതിയ പങ്കാളി 40,000 രൂപ മൂലധനമായി കൊണ്ടു വരുന്നു. എല്ലാ ക്രമീകരണങ്ങൾക്കും ശേഷമുള്ള പഴയ പങ്കാളികളുടെ മൂലധനം 90,000 രൂപ, 30,000 രൂപ എന്നീ ക്രമത്തിലാണ്. പുതിയ പങ്കാളിയുടെ പ്രവേശന സമയത്ത്, പുതിയ ലാഭ അനുപാതത്തിന് അനുസൃതമായി മൂലധന ക്രമീകരണം നടത്താൻ പഴയ പങ്കാളികൾ തീരുമാനിച്ചു.

പഴയ പങ്കാളികളുടെ പുതിയ മൂലധന തുക കണ്ടുപിടിക്കുക. ഈ മൂലധന ക്രമീകരണം പങ്കാളികൾ പണപരമായി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട ജേർണൽ രേഖപ്പെടുത്തലുകൾ നടത്തുക.

15. X, Y, Z എന്നിവർ 3 : 2 : 1 ലാഭ അനുപാതത്തിൽ ബിസിനസ്സ് പങ്കാളികളാണ്. 2016 ഒക്ടോബർ 1 ന് 'X' മരണപ്പെട്ടു. അയാളുടെ അനന്തര അവകാശികളുമായി താഴെ പറയുന്ന ധാരണകളിലെത്തിയിട്ടുണ്ട് :

(a) കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ശരാശരി ലാഭം രണ്ട് വർഷത്തേക്ക് വാങ്ങുന്നതിനുള്ള വിലയാണ് ഗുഡ്‌വിൽ മൂല്യം.

(കഴിഞ്ഞ 5 വർഷത്തെ ശരാശരി ലാഭം 30,000 രൂപയായി കണക്കാക്കുന്നു)

(b) മെഷിണറിയുടെ തേയ്മാന ചെലവ് കണക്കിലെടുക്കേണ്ടത് 12,000 രൂപയും, ബിൽഡിംഗ്സിന്റെ വില വർദ്ധനവ് 24,000 രൂപയുമാണ്.

(c) കഴിഞ്ഞ വർഷത്തെ (2016-17) ലാഭം തന്നെ ഈ വർഷവും ആവർത്തിക്കുമെന്ന് കരുതുന്നു.

(2015-16 ലെ ലാഭം 36,000 രൂപയാണ്)

(d) മൂലധന പലിശ പ്രതിവർഷം 12% നിരക്കിൽ കണക്കിലെടുക്കണം ('X' ന്റെ മൂലധന അക്കൗണ്ടിൽ 01-04-2016 ൽ 60,000 രൂപയുടെ ക്രെഡിറ്റ് ബാലൻസ് ഉണ്ട്)

(e) മുൻകാല വീതിക്കാത്ത ലാഭ-നഷ്ടങ്ങൾ ഉണ്ടെങ്കിൽ പങ്കുവെയ്ക്കേണ്ടതാണ്. (31-3-2016 ലെ ബാലൻസ് ഷീറ്റിൽ ലാഭ-നഷ്ട കണക്കിന്റെ ക്രെഡിറ്റ് ബാലൻസായി 24,000 രൂപ കാണുന്നുണ്ട്)

'X' ന്റെ അനന്തരാവകാശികൾക്ക് നല്കേണ്ട തുക കണ്ടെത്തി, അവ 'X' ന്റെ മൂലധന അക്കൗണ്ടിൽ ഉൾപ്പെടുത്തുക.

**V. Answer the question no. 16, which carries 8 scores.** **(Scores : 1 × 8 = 8)**

16. The Receipts and Payments Account of a Private School is given below :

**Receipts and Payments Account (31-03-2017)**

| Receipts | ₹ | Payments | ₹ |
|---|---|---|---|
| Balance b/d | 30,800 | Furniture | 23,000 |
| (Cash at bank) | | Investments | 55,000 |
| Tuition Fees | 32,000 | Salaries | 74,400 |
| Admission Fees | 50,200 | Stationery Expenses | 2,400 |
| Endowment Fund | 60,000 | Advertisements | 4,800 |
| Donations | 24,000 | Balance c/d | 42,500 |
| Interest on Investment | 4,600 | (Cash at bank) | |
| Sale of Periodicals | 500 | | |
| | **2,02,100** | | **2,02,100** |

The school has following assets and liabilities as on 01-04-2016 :

| | |
|---|---|
| Land & Buildings | ₹ 4,50,000 |
| Furniture | ₹ 1,85,000 |
| School Bus | ₹ 1,15,000 |
| Bank Loan | ₹ 1,50,000 |

Prepare the Income and Expenditure Account for the year ended 31-03-2017 and the Balance Sheet as on that date by considering the following :

(a) Half of the donations should be treated as income.

(b) Advertisement expenses outstanding ₹ 1,200.

(c) Interest on Bank Loan ₹ 14,600 due for payment.

(d) Accrued interest on investments ₹ 2,400.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

V. 16-ാം ചോദ്യത്തിന് ഉത്തരമെഴുതുക, 8 സ്കോർ വീതം. (സ്കോർസ് : 1 × 8 = 8)

16. ഒരു പ്രൈവറ്റ് സ്കൂളിന്റെ പണം സ്വീകരിക്കൽ-നല്കൽ കണക്ക് താഴെ നല്കിയിരിക്കുന്നു :

**Receipts and Payments Account (31-03-2017)**

| Receipts | ₹ | Payments | ₹ |
|---|---|---|---|
| Balance b/d | 30,800 | Furniture | 23,000 |
| (Cash at bank) | | Investments | 55,000 |
| Tuition Fees | 32,000 | Salaries | 74,400 |
| Admission Fees | 50,200 | Stationery Expenses | 2,400 |
| Endowment Fund | 60,000 | Advertisements | 4,800 |
| Donations | 24,000 | Balance c/d | 42,500 |
| Interest on Investment | 4,600 | (Cash at bank) | |
| Sale of Periodicals | 500 | | |
| | **2,02,100** | | **2,02,100** |

സ്കൂളിന്റെ 01-04-2016 ലെ ആസ്തി-ബാധ്യതകൾ താഴെ നല്കിയിരിക്കുന്നു :

സ്ഥലവും കെട്ടിടവും – 4,50,000 രൂപ

ഫർണിച്ചർ – 1,85,000 രൂപ

സ്കൂൾ ബസ് – 1,15,000 രൂപ

ബാങ്ക് വായ്പ – 1,50,000 രൂപ

താഴെ പറഞ്ഞിരിക്കുന്നവ പരിഗണിച്ച്, സ്കൂളിന്റെ 31-03-2017 ൽ അവസാനിക്കുന്ന വർഷത്തെ വരവ്-ചെലവ് കണക്ക്, ആ ദിവസത്തെ ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കുക :

(a) സംഭാവനയുടെ പകുതി തനത് വർഷത്തെ വരുമാനമായി കണക്കിലെടുക്കണം.

(b) പരസ്യ ചെലവ് കുടിശ്ശികയുള്ളത് 1,200 രൂപയാണ്.

(c) ബാങ്ക് വായ്പയുടെ പലിശ അടയ്ക്കാനുള്ളത് 14,600 രൂപയാണ്.

(d) നിക്ഷേപത്തിന്റെ പലിശ ലഭിക്കാനുള്ളത് 2,400 രൂപയാണ്.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

## Part – B

## COMPUTERISED ACCOUNTING

**(Maximum Scores : 20)**

**VI. Answer all questions from 1 to 3, each carries 1 score.** **(Scores : 3 × 1 = 3)**

1. Find the odd one.

   (Hint : one which is not an element of gross pay)

   (a) HRA (b) CCA

   (c) PF (d) DA

2. In most Spread-sheets, 'Graphs and Charts' are available in ________ tab.

3. Name any two default ledgers available in Tally/GNU Khata.

**VII. Answer any 3 questions from 4 to 7, each carries 2 scores.** **(Scores : 3 × 2 = 6)**

4. Explain any two security features of a Standard Computerised Accounting Software.

5. Write the result displayed on a cell, if the following spread-sheet function is used :

   (a) = ROUND (999.99, 0)

   (b) = ROUNDDOWN (999.99, 0)

   (c) = ROUND (123.45, –1)

   (d) = ROUNDUP (123.45, 0)

6. Name any four elements of a spread-sheet graph or chart.

7. Name any four 'DBMS' software available for data manipulation by business firms.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

## Part – B

## COMPUTERISED ACCOUNTING (Maximum Scores : 20)

**VI. 1 മുതൽ 3 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക, 1 സ്കോർ വീതം.**

**(സ്കോർസ് : 3 × 1 = 3)**

1. വേറിട്ടുനില്ക്കുന്നത് കണ്ടെത്തുക.

   (സൂചന: മൊത്ത ശമ്പളത്തിന്റെ ഭാഗമല്ലാത്തത്)

   (a) എച്ച്.ആർ.എ. (b) സി.സി.എ.

   (c) പി.എഫ്. (d) ഡി.എ.

2. മിക്ക സ്പ്രെഡ് ഷീറ്റുകളിലും, 'ഗ്രാഫുകളും ചാർട്ടുകളും' ലഭ്യമായിട്ടുള്ള ടാബ് ഏത്?

3. Tally/GNU Khata-യിൽ നിർമ്മാണ സമയത്തു തന്നെ ഉൾപ്പെടുത്തിയിട്ടുള്ള രണ്ട് ലെഡ്ജറുകളുടെ പേര് എഴുതുക.

**VII. 4 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും '3' എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(സ്കോർസ് : 3 × 2 = 6)**

4. നിലവാരമുള്ള ഒരു കമ്പ്യൂട്ടർ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ ഏതെങ്കിലും രണ്ട് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് വിശദീകരിക്കുക.

5. താഴെ നല്കിയിരിക്കുന്ന സ്പ്രെഡ്ഷീറ്റ് ഫംഗ്ഷനുകൾ ഉപയോഗിക്കുമ്പോൾ, സെല്ലുകളിൽ കാണിക്കുന്ന ഉത്തരം എന്തായിരിക്കുമെന്ന് എഴുതുക :

   (a) = ROUND (999.99, 0)

   (b) = ROUNDDOWN (999.99, 0)

   (c) = ROUND (123.45, –1)

   (d) = ROUNDUP (123.45, 0)

6. ഒരു സ്പ്രെഡ്ഷീറ്റ് ഗ്രാഫിന്റെ/ചാർട്ടിന്റെ ഏതെങ്കിലും നാല് ഘടകങ്ങളുടെ പേര് എഴുതുക.

7. ബിസിനസ്സ് സ്ഥാപനങ്ങളുടെ ദത്തങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലഭ്യമായ 'DBMS' software-ന് നാല് ഉദാഹരണം എഴുതുക.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

**VIII. Answer any 2 questions from 8 to 10, each carries 3 scores.** **(Scores : 2 × 3 = 6)**

8. State the need for data validation in spread sheets. Explain any two facilities available in spread-sheets to prevent wrong data to be entered in a cell.

9. Give the syntax and explain the parameters of the following spread-sheet functions :

   (a) SLM

   (b) DB

   (c) PMT

10. List out any three accounting-entities and its possible attributes for designing tables for 'Accounting' purposes, through a DBMS software.

**IX. Answer the question no. 11, which carries 5 scores.** **(Scores : 1 × 5 = 5)**

11. Explain the procedure of 'Company Creation' in Tally OR 'Create Organisation' in GNU Khata.

HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN HSSLiVE.IN

**VIII. 8 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക, 3 സ്കോർ വീതം.** **(സ്കോർസ് : 2 × 3 = 6)**

8. സ്പ്രെഡ്ഷീറ്റുകളിൽ ഡേറ്റാ വാലിഡേഷന്റെ ആവശ്യകത വ്യക്തമാക്കുക. തെറ്റായ ഡേറ്റ സെല്ലുകളിൽ രേഖപ്പെടുത്തുന്നത് തടയാൻ സ്പ്രെഡ്ഷീറ്റുകളിൽ ലഭ്യമായ സൗകര്യങ്ങൾ വിശദീകരിക്കുക.

9. താഴെ നല്കിയിരിക്കുന്ന സ്പ്രെഡ്ഷീറ്റ് ഫംഗ്ഷനുകളുടെ സാമാന്യ രൂപം എഴുതി, അവയുടെ സൂത്രവാക്യ ഘടന വിശദമാക്കുക :
   (a) SLM
   (b) DB
   (c) PMT

10. ഒരു ഡേറ്റാബേസ് സോഫ്റ്റ്‌വെയറിൽ, ടേബിളുകൾ 'അക്കൗണ്ടിംഗ്' ആവശ്യങ്ങൾക്കായി ക്രമീകരിക്കുമ്പോൾ ആവശ്യമായി വരുന്ന ഏതെങ്കിലും മൂന്ന് അക്കൗണ്ടിംഗ് എന്റിറ്റികളുടെയും, അവയ്ക്ക് ആവശ്യമായി വരുന്ന ആട്രിബ്യൂട്ടുകളെയും പട്ടികപ്പെടുത്തുക.

**IX. 11-ാം ചോദ്യത്തിന് ഉത്തരമെഴുതുക, 5 സ്കോർ.** **(സ്കോർസ് : 1 × 5 = 5)**

11. Tally-യിൽ 'കമ്പനി ക്രിയേഷൻ'/GNU Khata-യിൽ 'ക്രിയേറ്റ് ഓർഗനൈസേഷൻ' നടപടി ക്രമങ്ങൾ വിശദീകരിക്കുക.

---